# Memantine

പേര് (Generic) : മെമന്റിൻ ( Memantine)

Common Brand Names : Admenta, Nemdaa

General category: Glutamate Receptor Antagonist

ചരിത്രം :

1989 മുതൽ ലോകവ്യാപകമായി ഉപയോഗിച്ചുവരുന്ന മേധാക്ഷയചികിത്സാ മരുന്നാണിത് . തലച്ചോറിലെ പ്രത്യേക സംവേദന തന്ത്രികളിൽ ഗ്ലൂടമിക് ആസിഡിന്റെ അളവിൽ വ്യതിയാനം വരുത്തുന്നു. ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. (വ്യത്യസ്ത കമ്പനികൾ ഈ മരുന്നുണ്ടാക്കി മാർക്കറ്റിൽ ലഭ്യമാക്കുന്നു).

പ്രധാന ഉപയോഗം എന്താണ് ?

ഡിമെൻഷ്യ അഥവാ മേധാക്ഷയം ( മറവി രോഗം)

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു . ഓർമ്മകളുടെയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മറവി രോഗം വഷളാകുന്നത് ഒരു പരിധി വരെ തടയാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. വൃക്കയുടെയും കരളിന്റെയും പ്രവർത്തനം തകരാറിലായവരിൽ അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. അപസ്മാരം, കരളിന്റെയോ വൃക്കയുടെയോ പ്രവർത്തനത്തിൽ തകരാർ എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വന്നേക്കാം .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തതു എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. അപസ്മാര രോഗമുള്ളവരിൽ.
3. കരളിന്റെയും വൃക്കയുടെയും പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

5 മുതൽ 10mg നിത്യേനയാണ് സാധാരണ ഡോസ്. പരമാവധി 20mg വരെ നൽകാം.

## ഈ മരുന്ന് എതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് സാധാരണ ലഭിക്കാറുള്ളത് . ദ്രാവകരൂപത്തിലും ലഭ്യമാണ്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഈ മരുന്ന് ദിവസത്തിൽ ഒരു നേരമാണ് സാധാരണ കഴിക്കുക. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം. രാത്രിയിലാണ് സാധാരണ കൊടുക്കാറുള്ളത്.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

താരതമ്യേന പാർശ്വഫലങ്ങൾ കുറഞ്ഞ മരുന്നാണു ഇത്. ഭൂരിഭാഗവും ആളുകൾ യാതൊരു പാർശ്വഫലവും അനുഭവപെട്ടതായി അറിയിക്കാറില്ല . ഈ മരുന്ന് ആരംഭിച്ചു ആദ്യത്തെ ഒരു ആഴ്ചയ്ക്കകം മലബന്ധം, തലവേദന , തലചുറ്റൽ എന്നിവ പലപ്പോഴും കാണാം. എന്നാൽ കുറച്ചുദിവസത്തിനകം തന്നെ ഇവ മെച്ചപ്പെടാറുണ്ട്.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ .
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ കണ്ടാൽ ഉടൻ ഡോക്ടറെ കാണുക. ഇത് മരുന്നിനോടുള്ള അലർജി ആവാം.
3. ആത്മഹത്യാപ്രവണത കാണിക്കുകയാണെങ്കിൽ.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( തലകറക്കം, മലബന്ധം, തലവേദന ) കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം . തുടർച്ചയായി ബുദ്ധിമുട്ടുണ്ടാക്കുന്ന പാർശ്വഫലങ്ങളും കടുത്ത തോതിലുള്ളവയും ഡോക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണം .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത് . മിക്കവാറും നീണ്ട കാലം കഴിക്കേണ്ടി വന്നേക്കാം. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി അതിനു 'അഡിക്റ്റഡ്' ആകുവാൻ സാദ്ധ്യതയില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.